## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6402** **08.07.2014-ൽ മറുപടിയ്ക്ക്**

## കായികവികസനത്തിനുള്ള പുതിയ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി** | | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** | |
| (എ) | കായികവികസനത്തിനായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (എ) | കായികവികസനം ലക്ഷ്യമിട്ട് കായിക യുവജനകാര്യവകുപ്പ് പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ, ഫിസിക്കൽ ആക്ടിവിറ്റി പ്രോഗ്രാം ഫോർ അഡൾറ്റ്സ് എന്നീ പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞു. കുട്ടികളെ കായിക വിനോദങ്ങളിൽ ഉൾപ്പെടുത്തി അതിലൂടെ കായികക്ഷമതയുള്ളവരാക്കി തീർക്കുന്നതിനാണ് പ്ലേ എ ഗെയിം പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്. ഇവയ്ക്ക്പുറമേ സ്വിം ആന്റ് സർവൈവ്, വിവിധോദ്ദേശ്യ കളിസ്ഥല നിർമ്മാണം, കമ്മ്യൂണിറ്റി സ്പോർട്സ് എന്നിവയും സ്മൈൽ പദ്ധതിയിലുൾപ്പെടുത്തി താഴെ പറയുന്ന കായികരംഗത്തെ അടിസ്ഥാന സൗകര്യവികസന പദ്ധതികളും നടപ്പിലാക്കി വരുന്നു.<br><br>1. നവീന സ്വിമ്മിംഗ് പൂളുകളുടെ നിർമ്മാണം<br>2. സിന്തറ്റിക് റണ്ണിംഗ് ട്രാക്കോടുകൂടിയ ലോങ്ങ് ജംപ് പിറ്റുകൾ<br>3. 4 വരിയുള്ള സിന്തറ്റിക് ട്രാക്കുകളുടെ നിർമ്മാണം<br>4. സിന്തറ്റിക് റണ്ണപ്പോടുകൂടിയ ഹൈ ജംപ് പിറ്റ്<br>5. കബഡി കളിക്കളം<br>6. ഫുട്ബോൾ പരിശീലനത്തിനായി സിന്തറ്റിക് ടർഫ് സൗകര്യം<br>7. സിന്തറ്റിക് ടർഫ് നിർമ്മാണം |
| (ബി) | ഗോ ഫോർ ഗോൾഡ് എന്ന പദ്ധതിയിലൂടെ സർക്കാർ വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും, ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി എന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ ; | (ബി) | അന്തർദേശീയ കായികമത്സരങ്ങളിൽ മെഡൽ നേടുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കുന്ന **ഗോ ഫോർ ഗോൾഡ്** എന്ന പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്ത പദ്ധതികളാണ് **എലൈറ്റ് പദ്ധതികൾ.** ഈ പദ്ധതിയിൽ **അത്‌ലറ്റിക്സ്** - എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ, **നീന്തൽ**- Special Effort Training Scheme in Swimming (SET), **വോളീബോൾ** - ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ എന്നിവ ഉൾപ്പെടുന്നു. |

Special Effort Training Scheme in Swimming (SET) പദ്ധതിയുടെ ഭാഗമായി വിദേശ പരിശീലകനായ Mr.Stuart Weir Stuart (മെക്സിക്കോ)-ന്റെ കീഴിൽ നീന്തൽതാരങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു.

(സി) വിഷൻ ഇന്ത്യാ പദ്ധതി, സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി, വിദ്യാർത്ഥികൾക്കുള്ള നീന്തൽ പരിശീലന പദ്ധതി എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

(സി) വിലയിരുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ പറയുന്നു.

ഫുട്ബോൾ രംഗം നവീകരിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും, കേരള ഫുട്ബോൾ അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന <u>വിഷൻ ഇന്ത്യാ കേരള പദ്ധതി</u> 2008-09 വർഷം മുതൽ തുടർന്നുവരുന്നു. 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 91 സെന്ററുകളിലായി 2275 കുട്ടികൾക്ക് പ്രസ്തുത പദ്ധതിയുടെ കീഴിൽ പരിശീലനം നൽകുകയും എല്ലാ വർഷവും ജില്ലാ/സംസ്ഥാനതല ലീഗ് മത്സരങ്ങൾ സംഘടിപ്പിയ്ക്കുകയും, വിജയികൾക്ക് ട്രോഫിയും മെഡലുകളും, സ്പോർട്സ് കിറ്റുകളും നൽകുകയുണ്ടായി. കൂടാതെ ഈ പദ്ധതിയുടെ കീഴിൽ പരിശീലനം നടത്തുന്ന കുട്ടികൾക്ക് ബൂട്ട്സ്, ജേഴ്സി, സ്റ്റോക്കിംഗ്സ്, ഷീൻ ഗാർഡ്, മുതലായവയും പരിശീലനത്തിനാവശ്യമായ ബോളുകളും വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ പരിശീലനം ലഭിച്ച കുട്ടികൾ കൽക്കട്ടയിൽ വച്ച് നടന്ന നാഷണൽ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കേരള ടീമിനെ പ്രതിനിധീകരിയ്ക്കുകയും, അതിൽ മികവു തെളിയിച്ചവർ ഇന്ത്യൻ ഫുട്ബോൾ ടീമിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

കേരളത്തിലെ എല്ലാ സ്കൂളുകളിലും 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ കായികക്ഷമത പ്രത്യേക ടെസ്ററുകളിലൂടെ വ്യക്തിഗതമായി അളന്ന് പരിശോധിച്ച്, പരിശോധനാ ഫലം ശാസ്ത്രീയമായി അപഗ്രഥിച്ച് കുട്ടികളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിന്, വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടു കൂടി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ കഴിഞ്ഞ 6 വർഷമായി നടപ്പിലാക്കിക്കൊണ്ടിരിയ്ക്കുന്ന പദ്ധതിയാണ് <u>സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി.</u> 2012-13-ലെ പരിശോധനയിൽ കുട്ടികളിലെ കായികക്ഷമത മുൻവർഷത്തെക്കാൾ കുറഞ്ഞതായി തെളിഞ്ഞിട്ടുണ്ട്. ആയതിനാൽ ഈ അദ്ധ്യയനവർഷം 'ടി' പദ്ധതി കൂടുതൽ ഊർജ്ജസ്വലമായി നടത്തുന്നതിനുള്ള നടപടികൾ സ്പോർട്സ് കൗൺസിൽ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെയും കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ കായിക യുവജനകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ രാഷ്ട്രീയ ലൈഫ് സേവിംഗ് സൊസൈറ്റിയുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന സ്വിം ആന്റ് സർവൈവ് പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം കോട്ടയം എം ഡി സെമിനാരി സ്കൂളിൽ 400-ലധികം കുട്ടികൾ നീന്തൽ പരിശീലനം നേടിയിട്ടുണ്ട്. പൈലറ്റ് പദ്ധതി പൂർത്തിയായതിനുശേഷം ആയതിന്റെ തുടർച്ചയായി കോട്ടയത്തുതന്നെയുള്ള എം റ്റി സെമിനാരി ഹയർ സെക്കന്ററി സ്കൂളിൽ ആരംഭിച്ച സ്വിം ആന്റ് സർവൈവ് പദ്ധതിയും പൂർത്തിയായി ക്കഴിഞ്ഞു. ഈ വർഷം സംസ്ഥാനത്തെ വിവിധ ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട 6 സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**